സാഹിത്യവാരഫലം

1986/05/04 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/05/04-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



ബ്രേതൻ ബ്രേതൻ ബാഹ്

ജീവിതം ധന്യമായിയെന്നു തോന്നുന്ന അസുലഭനിമിഷങ്ങളുണ്ട്. അമ്മട്ടിലുള്ള ഒരു നിമിഷത്തിലാണ ഞാനിപ്പോൾ. കാരണം തെക്കേ ആഫ്രിക്കൻ കവിയും ചിത്രകാരനുമായ ബ്രേതൻ ബ്രേതൻ ബാഹിന്റെ (Breyten Breyten Bach) അന്യാദൃശ സൗന്ദര്യമാർന്ന The True Confessions of an Albino Terrorist എന്ന ക്ലാസിക് ഞാനിപ്പോൾ വായിച്ചു തീർത്തു എന്നതാണ്. His prose constitutes poetry of a very high order indeed, the book sings in the mind എന്നു ബർനാഡ് ലവിനും A classic of prison writing എന്നു വേറൊരു നിരൂപകനും വാഴ്ത്തിയ ഈ ഗ്രന്ഥം ഏഴുകൊല്ലം സ്വന്തം നാട്ടിലെ കാരാഗൃഹങ്ങളിൽ കിടന്നു യാതന അനുഭവിച്ച ഒരു വലിയ മനുഷ്യന്റെ ആത്മനിവേദനമാണ്. ആ ആത്മനിവേദനം നമ്മുടെ മനുഷ്യത്വത്തെ വികസിപ്പിക്കും. ഉത്കൃഷ്ടമായ സാഹിത്യമെന്താണെന്നു നമ്മെ ഗ്രഹിപ്പിക്കും. ഇതിലെ സത്യസന്ധത നമ്മളെ ഉദാത്തമായ മണ്ഡലത്തിലേക്കു കൊണ്ടുചെല്ലും. ബ്രേതൻ ബാഹിന്റെ വാക്യങ്ങൾ കേട്ടാലും:

> "Do yourself a selfish favour: if you want to remain whole, recognize the humanity of your enemy. But recognize also that there are irreconcilable interests. Don't make a fool of yourself by killing him. No cause can justify the destruction of life. After all we are all blood brothers and sisters". (p. 360)

(സ്വാർത്ഥപരമായ ഒരു സഹായസന്നദ്ധത നിങ്ങൾ കാണിച്ചാലും. സമ്പൂർണ്ണമനുഷ്യനായി നിങ്ങൾക്കു കഴിഞ്ഞു കൂടണമെന്നുണ്ടെങ്കിൽ നിങ്ങളുടെ ശത്രുവിന്റെ മനുഷ്യത്വത്തെ കണ്ടറിഞ്ഞാലും. അതേസമയം പരസ്പരം യോജിക്കാത്ത താല്പര്യങ്ങൾ ഉണ്ടെന്നും അറിയുക. അയാളെ കൊന്ന് നിങ്ങൾ പരിഹാസപാത്രമാകാതിരിക്കൂ. ഒരു കാരണവും ജീവിതനാശനത്തെ നീതിമത്കരിക്കുകയില്ല. എന്തൊക്കെയായാലും നമ്മളെല്ലാം രക്തബന്ധമുള്ള സഹോദരന്മാരും സഹോദരികളുമല്ലേ?)



സ്നേഹത്തിന്റെ ഈ സന്ദേശമാണ് ഈ ഗ്രന്ഥത്തിന് അമൂല്യസ്വഭാവം നൽകുന്നത്. ഇതിന്റെ രചയിതാവിനെക്കുറിച്ചറിയാൻ വായനക്കാർക്ക് കൗതുകമില്ലേ? ഉണ്ടെങ്കിൽ പറയാം. കേപ് ടൗൺ സർവ്വകലാശാലയിൽ പഠിച്ചിരുന്ന ബ്രേതൻ ബാഹ് 1959-ൽ (ജനനം 1939-ൽ) തെക്കേ ആഫ്രിക്ക വിട്ടുപോയി. പാരീസിലാണ് അദ്ദേഹം ചെന്നുചേർന്നത്. ചിത്രകാരനെന്ന നിലയിൽ മഹായശസ്കനാകാൻ അദ്ദേഹത്തിനു കാലമധികം വേണ്ടിവന്നില്ല. ഹ്വാങ് ലീൻ എങോ (Hoang Lien Ngo) എന്ന വിയറ്റ്നാമീസ് പെൺകുട്ടിയെ വിവാഹം കഴിച്ചതോടെ അദ്ദേഹത്തിനു ദക്ഷിണാഫ്രിക്കയിൽ പോകാൻ വയ്യാതെയായി. വിഭിന്നവർഗ്ഗങ്ങളിൽപ്പെട്ടവർ തമ്മിൽ വിവാഹമരുതെന്നാണ് ആ രാജ്യത്തെ നിയമം. 1975-ആഗസ്റ്റിൽ അദ്ദേഹം ഒരു വ്യാജ പാസ്പോർട്ടോടുകൂടി ക്രിസ്റ്റ്യൻ ഗലാസ്കു എന്ന പേരിൽ ദക്ഷിണാഫ്രിക്കയിലെത്തി. അവിടത്തെ പോലീസ് തന്നെ പിന്തുടരുന്നുണ്ടെന്ന് ബ്രേതൻ ബാഹ് അറിഞ്ഞതേയില്ല. മൂന്നാഴ്ചത്തെ പര്യടനത്തിനുശേഷം തിരിച്ചു ഫ്രാൻസിൽ പോരാൻ വിമാനത്തിൽ കയറാൻ തുനിഞ്ഞപ്പോൾ സെക്യൂരിറ്റി പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ഭീകരപ്രവർത്തകൻ എന്നാണ് അധികാരികൾ അദ്ദേഹത്തെ മുദ്രകുത്തിയത്. കോടതിയിൽ തർക്കിച്ചാൽ വധശിക്ഷ കിട്ടും. അതുകൊണ്ട് ബ്രേതൻ ബാഹ് അതിനു സന്നദ്ധനായില്ല. ഒൻപതുവർഷത്തെ കാരാഗൃഹവാസമാണ് വിധിക്കപ്പെട്ടത്. ഏഴാമത്തെ വർഷത്തിന്റെ അവസാനത്തിൽ ലോകമെമ്പാടുമുള്ള ധിഷണാശാലികളുടെ അഭ്യർത്ഥന അവഗണിക്കാനാവാതെ സർക്കാർ അദ്ദേഹത്തെ മോചിപ്പിച്ചു. ജയിലിൽ കിടന്ന കാലത്തെ അനുഭവങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതെന്നു ആവർത്തിച്ചെഴുതട്ടെ.

ജയിലിൽ കിടക്കുമ്പോൾ അദ്ദേഹം സഹധർമ്മിണിക്ക് എഴുതിവച്ചതും അയയ്ക്കാത്തതുമായ ഒരു കത്തിന്റെ ഒടുവിലത്തെ ഭാഗം ഈ "ഭീകരപ്രവർത്തകന്റെ" കാരുണ്യാകുലമായ ഹൃദയം വ്യക്തമാക്കിത്തരും.

> One day we shall be free. We shall walk down a beach and we shall enter the water. We shall sit at a table. The sun will be in your eyes. Your hair will fall, black and straight, over the half of your face... goodnight my sweetness, my secret love.

ഈ പുസ്തകത്തിന്റെ ഒടുവിൽ ബ്രേതൻ ബാഹിന്റെ പതിമൂന്നു കാവ്യങ്ങൾ ചേർത്തിട്ടുണ്ട്. ഓരോന്നും മനോഹരം. ഒരു ഭാഗം എടുത്തെഴുതിക്കൊള്ളട്ടെ.

> When I climbed on to the chair
> to wipe the southeast wind's gold dust
> from the high winddowledge
> I saw in the sliced space behind the tungsten bars
> that passes for an opening
> two swallows hanging playfully in the dusk air
> caught and released by turn
> in the dying earth's brightness
> like leaf boasts from the endless
> blue heavenly bluegum tree
> free, free, free..."

ഈ പുസ്തകം പ്രസാധനം ചെയ്ത ഫേബർ ആൻഡ് ഫേബർ പ്രസാധകരോടും ഉത്കൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ മാത്രം വരുത്തിവില്ക്കുന്ന തിരുവനന്തപുരത്തെ ദർശൻ ബുക്സിനോടും എന്റെ മനസ്സിനെ ഉന്മിഷിപ്പിച്ച ബ്രേതൻ ബ്രേതൻ ബാഹ് എന്ന കലാകാരനോടും ഞാൻ നന്ദിപറയുന്നു.

ആറാട്ട്

വർഷങ്ങൾക്കു മുൻപാണ്. ഇന്ന് വടക്കേയിന്ത്യയിൽ എവിടെയോ വലിയ സൈനികോദ്യോഗസ്ഥനായി ഇരിക്കുന്ന വിശ്വം അന്നൊരു കുഞ്ഞ്. അതിന് ആറാട്ടു കാണണമെന്ന് ഒരാഗ്രഹം. ആറാട്ട് എന്നു കുഞ്ഞു കേട്ടിട്ടുണ്ട്. കാണണമെന്നു ആശയും. എന്റെ വീട്ടിലുള്ള മടിയനായ പരമേശ്വരൻ പിള്ളയോട് (പേരു മാറ്റിയിരിക്കുന്നു) വിശ്വത്തിന്റെ അമ്മ തുടരെത്തുടരെ അപേക്ഷിക്കുകയാണ്: "പരമേശ്വരാ, ഇവനെ ഒന്നു കൊണ്ടുപോയി ആറാട്ടു കാണിക്ക്". നിർബ്ബന്ധം സഹിക്കാനാവാതെ പരമേശ്വരൻ കുഞ്ഞിനെയുമെടുത്ത് റോഡിലേക്കിറങ്ങി. കുറെദൂരം നടന്നപ്പോൾ ഒരു അണ്ണാൻ റോഡിന്റെ ഒരു വശത്തുനിന്നു മറ്റൊരു വശത്തേക്ക് വാലുപൊക്കി ചാടുന്നതു കണ്ടു. പരമേശ്വരൻപിള്ള വിശ്വത്തിനെ ചുരണ്ടി "നോക്ക്, നോക്ക്, ആറാട്ട്" എന്നു പറഞ്ഞു. കൊച്ച് അതങ്ങു വിശ്വസിക്കുകയും ചെയ്തു. അല്പം സമയം കൂടെ റോഡിലാകെ കറങ്ങിയിട്ട് പരമേശ്വരൻപിള്ള കുഞ്ഞിനേയും കൊണ്ടു വീട്ടിലെത്തി. "ഇത്ര വേഗം കണ്ടോ?" എന്നു തള്ള ചോദിച്ചപ്പോൾ "ഞങ്ങള് ചെന്നതും ആറാട്ട് തുടങ്ങിയതും ഒന്നിച്ചായിരുന്നു" എന്നു മറുപടി പറഞ്ഞു. ദിവസങ്ങൾ കഴിഞ്ഞു. വിശ്വത്തിനെ അമ്മ കളിപ്പിക്കുകയായിരുന്നു. ഒരണ്ണാൻ മുറ്റത്തുകൂടെ ഓടി. വിശ്വം ഉടനെ പറഞ്ഞു: "അമ്മാ അതാ ആറാട്ട്, ആറാട്ട്". അതുകേട്ടു കാരണവന്റെ ഭാര്യ ഉടനെ ചോദിച്ചു: "പരമേശ്വരാ, നീ ഇന്നാള് ആറാട്ടെന്നു പറഞ്ഞു കൊച്ചിനെ കാണിച്ചത് അണ്ണാനെയായിരുന്നു അല്ലേ?" അല്ല എന്ന മട്ടിൽ പരമേശ്വരൻ പുച്ഛിച്ച് "അതേ" എന്നു പറഞ്ഞു. കുങ്കുമം വാരികയിൽ താമരശ്ശേരി കവിതയെന്നു പറഞ്ഞ് സഹൃദയനെ കാണിക്കുന്നതു കവിതയല്ല; അണ്ണാനെപ്പോലെ വേറെയെന്തിനെയോ ആണ്. ഇതു കവിതയാണെന്നു വിശ്വാസമുണ്ടാകണമെങ്കിൽ വായനക്കാരൻ വിശ്വത്തെപ്പോലെ കൊച്ചു കുഞ്ഞായിരിക്കണം. ഏതാനും വരികൾ കണ്ടാലും:

> നിർമ്മലസ്മിതം തൂകും ചേമ്പനീർ സുമങ്ങളും
> മർമ്മരാരവം പെയ്യും പച്ചില വനങ്ങളും
> ശീതമാരുതാശ്ലേഷാലിളകും ലതകളും
> ലോലരുപിണിമാരാം ലലനാമണികളും
> തരള നക്ഷത്രങ്ങൾ തഴകഴകാർന്ന–
> മതിലേഖയുമാമ്പൽപ്പൂക്കളും തടാകവും,
> മുദ്ധലകളകളമുജിതം പൊഴിച്ചോമൽ
> കയിൽപൂകിട്ടും വല്ലിക്കുടിലും തടിനിയും
> ഉണ്ടിവിടെന്നാലുമീ ഗ്രാമലക്ഷ്മിതൻ ചെറു
> മൺകുടിൽ മാത്രം കഷ്ടം;
> ശൂന്യമായിക്കിടക്കുന്നു.

അർത്ഥം ആവിഷ്കരിക്കുന്നതിനു ശക്തിയില്ലാത്ത, ഭാവസ്പഷ്ടീകരണത്തിനു കഴിവില്ലാത്ത കുറെ മധുരപദങ്ങളെടുത്തു നിരത്തിയാൽ കവിതയാകും എന്ന തെറ്റിദ്ധാരണയിൽനിന്ന് ഉദ്ഭവിച്ചതാണ് ഈ സാഹസികൃം. അണ്ണാനെ ആറാട്ടാക്കുന്ന വഞ്ചന. കുട്ടികളെ കളിപ്പിക്കാൻ പറ്റും. ഹൃദയപരിപാകമുള്ളവർക്ക് ഇതു കണ്ടാൽ പുച്ഛമേ ഉണ്ടാകൂ.

> The moon has set, and O'er the seas
> Throw their last glance the Pleiades;
> The weary night is waning fast
> The promised hour is come and past;
> Yet sleepless and alone I lie,
> Alone—ah, false one, tell me why.

(ചന്ദ്രൻ അസ്തമിച്ചു. സപ്തർഷികൾ അവയുടെ അന്ത്യകടാക്ഷം സമുദ്രത്തിലേക്ക് എറിയുന്നു. തളർന്ന രാത്രിക്കു വേഗം തേയ്മാനം സംഭവിക്കുന്നു. പ്രതിജ്ഞ ചെയ്യപ്പെട്ട നാഴിക വന്നെത്തി, അതു കഴിഞ്ഞുപോകുകയും ചെയ്തു. എന്നിട്ടും നിദ്രയില്ലാതെ ഒറ്റയ്ക്കു ഞാൻ കിടക്കുന്നു. ഒറ്റയ്ക്ക് —ഹാ—വഞ്ചകത്വമുള്ളവനേ, എന്നോടു പറയൂ കാരണമെന്തെന്ന്.)



സാഫോ

2500 സംവത്സരങ്ങൾക്കു മുൻപ്, ഗ്രീക്ക് കവയിത്രി സാഫോ എഴുതിയതാണിത്. ഭാവസ്പഷ്ടീകരണത്തിന്റെ ഉത്കൃഷ്ടനിദർശനമായി ഇതിനെ പരിഗണിക്കാം, ചന്ദ്രൻ മറഞ്ഞു. ഇരുട്ടാണപ്പോൾ. സപ്തർഷികളും മറയാൻ പോകുന്നു. അപ്പോൾ ഇരുട്ടു കൂടുതലാകും. തളർന്ന രാത്രിക്കു തേയ്മാനം. പ്രേമമാകുന്ന പ്രകാശം ഇല്ലാത്തപ്പോൾ വിഷാദത്തിന്റെ അന്ധകാരം വ്യാപിക്കുന്നു. രാത്രിക്കു തളർച്ചയെന്നപോലെ സാഫോക്കും തളർച്ച. നിശീഥിനിക്കു ക്ഷീണം സംഭവിക്കുന്നതുപോലെ അവൾക്കും ക്ഷീണം. വരാമെന്നു പറഞ്ഞ സമയത്തു കാമുകൻ വന്നില്ല. അവൾ ഉറക്കമില്ലാതെ ഏകാന്തതയിൽ കഴിയുന്നു. അവിരാമമായ കാത്തിരിപ്പാണത്. അന്ധകാരം മാറി പ്രകാശം വരുമോ? വിഷാദത്തിന്റെ കൂരിരുട്ടു മാറി പ്രേമത്തിന്റെ പ്രഭ പ്രസരിക്കുമോ? ഈ ചോദ്യങ്ങൾ ചോദിച്ച് അവൾ വ്യർത്ഥമായി കാത്തിരിക്കുന്നു. ഇതാണ് കവിത, ഇതാണ് കല.

കൊത്തുന്ന പൈങ്കിളി

"സിംബലിസം—പ്രതിരൂപാത്മകത്വം— ചലനാത്മകവും സത്യാത്മകവുമാണ്. അതിനു വൈകാരികമൂല്യമുണ്ട്. അതിനാൽ സിംബലിസം ജീവിതത്തിൽനിന്ന് അകന്നു നില്ക്കുന്നില്ല. അതല്ല അലിഗറിയുടെ—ലാക്ഷണികതയുടെ—സ്ഥിതി. അലിഗറി യാന്ത്രികമാണ്. അതിനാൽ അസത്യാത്മകവും". (J. E. Cirlot). ഒന്നിനുപകരം മറ്റൊന്ന് പറഞ്ഞ് വായനക്കാരന്റെ ജിജ്ഞാസയെ ഒന്നിളക്കിവയ്ക്കാനേ അതിനു കഴിയൂ. ഇക്കാരണത്താലാണ് മഹാന്മാർ—ഹെഗലും ക്രോചെയും—അലിഗറിക്കു കലയുമായി ഒരു ബന്ധവുമില്ലെന്നു പ്രഖ്യാപിച്ചത്. റഹിം മുഖത്തല ദേശാഭിമാനിവാരികയിലെഴുതിയ 'അത് സ്വപ്നമല്ലായിരുന്നു' എന്ന ചെറുകഥ വിരസമായ അലിഗറിയാണ്. ഗൃഹനായകൻ വിലയ്ക്കുവാങ്ങിക്കൊണ്ടുവന്ന പൈങ്കിളി—അയാൾ പാലും പഴവും കൊടുത്തുവളർത്തിയ പൈങ്കിളി—ആദ്യം അയാളുടെ കുഞ്ഞുങ്ങളെ കൊത്തിക്കൊല്ലുന്നു; രണ്ടാമത് ഭാര്യയേയും. ഒടുവിൽ അത് അയാളെ കൊത്താൻ തുടങ്ങുമ്പോൾ കഥ അവസാനിക്കുന്നു. പൈങ്കിളി ആരുമാകാം. ആരായാലും വായനക്കാരന് ഒന്നുമില്ല. ഉള്ളത് ഈ അലിഗറിവിഹംഗമം സഹൃദയന്റെ നെഞ്ചിൽ കയറിയിരുന്ന് അയാളെ കൊത്തിക്കൊല്ലുന്നു എന്നതാണ്.

ആലപ്പുഴെനിന്ന് ജി. രമേശ്ബാബു (ശരിയായ പേരല്ല ഇതെന്ന് കത്തിലുണ്ട്) ചോദിക്കുന്നു: "സഹപ്രവർത്തകയെ വഴിയിൽവച്ചു കാണുമ്പോൾ ഒന്നു ചിരിക്കുകയോ, വർത്തമാനം പറയുകയോ ചെയ്താൽ മുഖം വീർപ്പിക്കുന്ന ഭാര്യമാരില്ലേ? അയൽപക്കത്തെ സ്ത്രീകൾ ഒന്നു ഫോൺചെയ്യാനോ, മറ്റെന്തെങ്കിലും അത്യാവശ്യത്തിനോ വീട്ടിൽ വന്നാൽ അവരെ സഹായിക്കാൻ മുതിരുന്ന ഭർത്താവിന് ആഹാരം മുടക്കുന്ന സഹധർമ്മിണിയെ അങ്ങയ്ക്കറിയാമോ! പ്രായമായ മകളുടെ കൂട്ടുകാരികൾ വീട്ടിൽ വരുമ്പോൾ അവരോടു കുശലമന്വേഷിച്ചാൽ അടുക്കളപ്പാത്രങ്ങൾ തട്ടിപ്പൊട്ടിക്കുന്ന വീട്ടമ്മമാരെ അങ്ങയ്ക്കറിയാമോ! ഉദ്യോഗസ്ഥയായ മകളുടെ വരുമാനം മുടങ്ങുമെന്നു കരുതി യഥാസമയം വിവാഹം കഴിച്ചയയ്ക്കാത്ത അച്ഛനമ്മമാരെ അറിയാമോ".

ഭർത്താക്കന്മാർ മദ്യപിച്ചുകഴിയുന്നുവെന്നും അവർ പരസ്ത്രീഗമനവാഞ്ഛ പ്രകടിപ്പിക്കുന്നുവെന്നും ഞാനെഴുതിയതിൽ ധർമ്മരോഷം കൊണ്ടു രമേശ് ബാബു എഴുതിയ കത്തിലെ ഒരു ഭാഗമാണിത്. എന്തിന് ഈ രോഷം? ഇങ്ങനെയുള്ള സ്ത്രീകൾ ഇല്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ. ഇവരെക്കാൾ മോശക്കാരായ സ്ത്രീകളെയും എനിക്കറിയാം. ഒരു സ്ത്രീ കളിക്കാൻ പോകുമ്പോൾ ചെറുപ്പക്കാരിയായ വേലക്കാരിയെ വിളിച്ചുകൊണ്ടുപോയി കുളിപ്പുരയുടെ വാതില്ക്കൽ നിറുത്തും. അവൾ അവിടെത്തന്നെയുണ്ടോ എന്നറിയാനായി കൂടെക്കൂടെ വാതിൽതുറന്ന് നോക്കുകയും ചെയ്യും. അപ്പോഴൊക്കെ കൊച്ചമ്മയുടെ നൂലുബന്ധമില്ലാത്ത പൊന്മേനി വേലക്കാരിക്കു കാണേണ്ടതായും വരും.

വേറൊരു സ്ത്രീയുടെ വീട്ടിൽ എഴുപതു വയസ്സായ വേലക്കാരിയാണുള്ളത്. ഇരുപത്തിയെട്ടു വയസ്സായ ഭർത്താവിനെയും ആ കിഴവിയെയും ഒരുമിച്ചു വീട്ടിലാക്കിയിട്ട് അവൾ ഒരിടത്തും പോകുകയില്ല. ഇവരൊക്കെ മാനസിക രോഗിണികളാണ്. (രണ്ടുപേരെയും എനിക്കു നേരിട്ടറിയാം) വെല്ലൂർ പി. എം. മാത്യുവിനെയോ, ഡോക്ടർ രാമചന്ദ്രനെയോ, എം. ആർ. ആർ. മേനോനെയോ കാണിക്കേണ്ടതാണ് ഇവരെ. അവിടെയും ഭർത്താവിന്റെ ദയയാണ് മുന്നിട്ടു നില്ക്കുക. സൈക്കിയാട്രിസ്റ്റിന്റെ അടുക്കൽ കൊണ്ടുപോയാൽ തനിക്കു ചിത്തഭ്രമമുണ്ടെന്നു ഭാര്യ സംശയിക്കുമല്ലോ. ആ സംശയം വന്ന് അവൾ കൂടുതൽ കഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണ് ഭർത്താവ് എല്ലാം സഹിച്ചു കഴിഞ്ഞുകൂടുന്നത്. അയാൾ യോഗ്യൻ. അത്രയ്ക്കു യോഗ്യനല്ലാത്തവൻ "ഇവളൊന്നു ചത്തുകിട്ടിയെങ്കിൽ!" എന്നു വിചാരിക്കും. യോഗ്യത തീരെയില്ലാത്തവൻ അവളുടെ തലയിലടിക്കും. ബഹുജനം പലവിധം.

രോമത്തെക്കാൾ തുച്ഛം

ചാർലി ചാപ്ലിൻ

ചാർലി ചാപ്ലിന്റെ പല സിനിമകളും ഞാൻ കണ്ടിട്ടുണ്ട്. മുഖം കൊണ്ട് അദ്ദേഹം കാണിക്കുന്ന ഗോഷ്ഠികൾ ദർശിച്ച് സാക്ഷാൽ ചാർലിയും അങ്ങനെ തന്നെ എന്നു ഞാൻ വിചാരിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ആത്മകഥ വായിച്ചപ്പോൾ ആ പുസ്തകത്തിൽ അദ്ദേഹത്തിന്റെ ശരിയായ ഫോട്ടോ കാണാനിടയായി. അപ്പോഴാണ് മോഹഭംഗം. സാക്ഷാൽ ചാർലി സുന്ദരൻ, ആഭിജാത്യം വിളിച്ചുപറയുന്ന ആകൃതി. സിനിമയിലെ ചാർലി ഒരു കോമാളി. ഇത് ഇപ്പോൾ ഓർമ്മിച്ചത് ഉണ്ണി വാരിയരുടെ 'ചന്ദ്രിക' ആഴ്ചപ്പതിപ്പിൽ എഴുതിയ 'അസംബന്ധം' എന്ന കഥ വായിച്ചതുകൊണ്ടാണ്. സാക്ഷാൽ ഉണ്ണി വാരിയരുടെ അഭിജാതനും ആത്മധീരനും അഭിമാനിയും ആയിരിക്കും. പക്ഷേ, സാഹിത്യത്തിലെ ഉണ്ണി വാരിയരെ വിദൂഷകനായേ ഇന്നുവരെ ഞാൻ കണ്ടിട്ടുള്ളൂ. കാമുകി ലീല വിവാഹം കഴിഞ്ഞു നാട്ടുവിട്ടപ്പോൾ കാമുകൻ തിരിച്ചെത്തി. നിരാശത കൊണ്ട് അയാൾ ഷേവ് ചെയ്യാതെ നടന്നു. ഒടുവിൽ ഒരു ദിവസം ഷേവ് ചെയ്തു നല്ല വസ്ത്രങ്ങൾ ധരിച്ച് തീവണ്ടിയാപ്പീസിലെത്തി. അവിടെവച്ച് ലീലയെ കണ്ടു. താൻ ദുഃഖിക്കുന്നവനാണെന്ന് അയാൾ അവളോടു പറഞ്ഞപ്പോൾ അവൾ ചോദിച്ചു ദുഃഖമുള്ളവൻ ക്ലീൻഷേവ് ചെയ്യുമോ എന്ന്. കഥ തീരുന്നു അവിടെ. കഥാനായകന്റെ ഷേവ് ചെയ്യൽ എന്ന പ്രവർത്തനം നടക്കുമ്പോൾ സേഫ്റ്റി റെയ്സറിന്റെ അരികിൽ പറ്റിയ ഒരു രോമത്തിന്റെ വിലപോലുമില്ല ഇക്കഥയ്ക്ക്. ഇതുരയൊക്കെ പരക്കാൻ ഭാഷ പ്രയോഗിക്കേണ്ട കാര്യമൊന്നുമില്ല. സാഹിത്യത്തിലെ ബഹുൺ വേഷം കെട്ടിക്കെട്ടി അദ്ദേഹം "അതായി"ത്തന്നെ മാറിയിരിക്കുന്നു. ആത്മപദേശിച്ചാലും ഫലമില്ലാത്ത ഒരവസ്ഥയിലാണ് അദ്ദേഹമിപ്പോൾ.

നിരീക്ഷണങ്ങൾ

സ്ത്രീ: അവൾ വിടർന്ന താമരപ്പൂവാണ്, പരിമളം പരത്തുന്ന പനിനീർപ്പൂവാണ്, തെങ്ങോലത്തുമ്പിൽ തൂങ്ങി നിൽക്കുന്ന ഒറ്റത്താരകമാണ്. മധു നിറച്ച ചഷകത്തിൽ തോണിപോലൊഴുകുന്ന താമരപ്പൂവിതളാണ്. മിന്നൽക്കൊടിയാണ്. പക്ഷേ, അവൾ രാഷ്ട്രവ്യവഹാരത്തിനു സന്നദ്ധയാവുമ്പോൾ, സമൂഹപരിഷ്കരണത്തിന് ഉദ്യുക്തയാകുമ്പോൾ ഇതൊന്നുമല്ല.

എം. കൃഷ്ണൻനായർ: ചേതോഹരം, ആവിഷ്ക്കാരം , സ്പഷ്ടീകരണം, ആലേഖനം ഈ വാക്കുകൾ ആവർത്തിച്ചു കൊണ്ടിരിക്കുന്ന ആൾ.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള: തനിക്കുള്ള പാണ്ഡിത്യത്തിന്റെ ആയിരത്തിലൊരംശം മാത്രം പ്രദർശിപ്പിച്ച മഹാവ്യക്തി.

നവീനനിരൂപകർ: ചൊട്ടച്ചാൺവഴി ദൂരം മാത്രം കഷ്ടിച്ചു പറക്കും കോഴികൾ.

കെ. പി. അപ്പൻ: കാഴ്ചയ്ക്കും പെരുമാറ്റത്തിലും സാഹിത്യരചനയിലും മാന്യൻ. അദ്ദേഹം പ്രകാശിപ്പിക്കുന്നതു സ്വന്തം അഭിപ്രായങ്ങളാണ്. അതുകൊണ്ട് അവയോട് എനിക്കു യോജിച്ചേതീരൂ എന്നില്ല.

പഞ്ചവങ്കാട്ടുനീലി: സി. വി രാമൻപിള്ള മാർത്താണ്ഡവർമ്മയിലൂടെ പ്രസിദ്ധയാക്കിയ യക്ഷി. അവൾ താമരപ്പൂവായിരുന്നില്ല. പനിനീർപ്പൂവായിരുന്നില്ല. ഒറ്റത്താരകമായിരുന്നില്ല. മധുചഷകത്തിലെ പൂവിതളായിരുന്നില്ല. അനന്തപത്മനാഭന്മാരെ കൊന്ന് സമൂഹം പരിഷ്കരിക്കാൻ ഇറങ്ങിയവളായിരുന്നു.

ചെല്ലമ്മ ജോസഫ്



ജിബ്രാൻ

സാഗര ജലകണികയിൽ സാഗരമാകെ കാണാമെന്ന് കവി ജിബ്രാൻ പറഞ്ഞത് അത്രകണ്ട് ശരിയോ? നീല ലോഹിതം, കടുനീലം, നീലം, ഹരിതം, പീതം, ഓറഞ്ച്, ശോണം ഇവയാകെ കൂടുമ്പോഴാണ് സൂര്യപ്രകാശമാകുന്നത്. നീലലോഹിതം മാത്രമെടുത്ത് ഇതാണ് സൂര്യരശ്മിയെന്നു പ്രഖ്യാപിക്കാൻ വയ്യ. ഹിമാലയപർവ്വതത്തിൽനിന്ന് ഒരുതരി മണ്ണെടുത്ത് കൈയിൽവച്ചിട്ട് "ഇതാ നോക്കൂ ഹിമാലയം" എന്നു പറയാമോ? സാകല്യാവസ്ഥയിലെ സത്യം വെളിപ്പെട്ടു. പുരുഷൻ സ്ത്രീയെ വഞ്ചിക്കുമോ? മഹാഭാരതത്തിലെ ദുഷ്യന്തൻ ശകുന്തളയെ വഞ്ചിച്ചു. അതുകൊണ്ട് പുരുഷന്മാരാകെ ദുഷ്യന്തന്മാരാണെന്ന് അഭിപ്രായപ്പെടാനാവില്ല. അന്ന കരേനിന ഭർത്താവിനെ വഞ്ചിച്ചു. അക്കാരണത്താൽ എല്ലാ സ്ത്രീകളും അന്നമാരാണെന്നു കരുതാൻ ഒക്കുകയില്ല. സത്യമിതാണെങ്കിലും സാഹിത്യകാരനു സാമാന്യത്തിലെ വിശേഷത്തെയും വിശേഷത്തിലെ സാമാന്യത്തെയും എടുത്തുകാണിക്കാനേ പറ്റൂ. അപ്പോൾ വായനക്കാരനുണ്ടാകുന്ന ജീവിതാവബോധമാണ് പ്രധാനമായത്. ആ ജീവിതാവബോധം ഉളവാക്കുന്ന ചെല്ലമ്മജോസഫ് ('അപരിചിത എന്ന കഥ—കലാകൗമുദി'). ആ രാത്രി ആകർഷകമായിരുന്നിരിക്കാം. അല്ലെങ്കിൽ അനാകർഷകമായിരുന്നിരിക്കാം. ചക്രവാള സീമയിൽ ചന്ദ്രൻ ദുഃഖാകലനായി താഴാൻ പോകുന്നു. അല്ലെങ്കിൽ ആഹ്ലാദത്തോടെ ഉയരാൻ പോകുന്നു. നാലു ചുവരുകൾക്കകത്ത് ബന്ധിക്കപ്പെട്ട വാതിലുകൾക്കും ജന്നലുകൾക്കുമകത്ത് വിളക്കു കെടുമ്പോൾ അവൾക്ക് അവളെത്തന്നെ നഷ്ടമായി. തന്നെ നഷ്ടപ്പെട്ട അവൾ അയാൾ കൊടുത്ത ചെക്കുമായി നടക്കുന്നു. അവൾക്കു ചെക്കല്ല ആവശ്യം. താൽക്കാലികമായ വേഴ്ച കൊണ്ടാണെങ്കിലും ഒരു പീഠത്തിലേക്കു തന്നെയുയർത്തിയ പുരുഷനെയാണ്. അവളുടെ ചിത്തവൃത്തികളെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട് ചെല്ലമ്മ ജോസഫ്. ഒരു രേഖ അല്ലെങ്കിൽ രണ്ടു രേഖകൾ—ഇവ വരച്ച് പ്രമേയത്തെ ധ്വനിപ്പിക്കുന്ന കലാവൈദഗ്ദ്ധ്യമുണ്ടല്ലോ. അത് ഇക്കഥയിൽ കാണാം.

മുകളിൽപ്പറഞ്ഞ പുസ്തകത്തിൽ (The True Confession of an Albino Terrorist) മൗലികതയെക്കുറിച്ച്—ഒറിജിനാലിറ്റിയെക്കുറിച്ച്—ചില നിരീക്ഷണങ്ങളുണ്ട്. കേട്ടാലും: മൗലികതയെസ്സംബന്ധിച്ച് ഈ ഒഴിയാബാധ നമുക്കെങ്ങനെയുണ്ടായി? അന്യാദൃശമായതിന് നാമെന്തിന് ഈ വില കല്പിക്കുന്നു?... നമ്മുടെ ഇന്ദ്രിയങ്ങൾ തളർന്നു കഴിഞ്ഞു എന്നത് തീർച്ച. പഴയ പ്രശ്നങ്ങളിൽ പുതിയ വെളിച്ചം പ്രസരിപ്പിക്കുന്നവരെ നമ്മൾ അഭിനന്ദിക്കുന്നു. കലാകാരൻ എന്ന 'മീഡിയ'ത്തിലൂടെ ഏതെങ്കിലുമൊന്നിനെ പുതിയ മട്ടിൽ കാണാനും അനുഭവിക്കാനും നമുക്കിഷ്ടമാണ്..." (പുറം 167).

കിളിമാനൂർ രമാകാന്തൻ

ബ്രേതൻ ബ്രേതൻ ബാഹ് പറഞ്ഞ ഈ മൗലികതയാണ് കിളിമാനൂർ രമാകാന്തന്റെ 'സുഖമെന്നു വിശ്വസിക്കുന്നു' എന്ന കാവ്യത്തിന്റെ സവിശേഷത. സ്വാഭാവികമായും കാവ്യാത്മകങ്ങളായ വിഷയങ്ങളുണ്ട്. അവയെ ആകർഷകമായി പ്രതിപാദിക്കാൻ വൈഷമ്യമില്ല. എന്നാൽ കാവ്യാത്മകതയില്ലാത്ത രസശൂന്യങ്ങളായ വിഷയങ്ങളെ കാവ്യാത്മകമായി വർണ്ണിക്കാൻ പ്രതിഭയുള്ളവർക്കേ കഴിയൂ. രമാകാന്തൻ അത്തരം പ്രതിഭയാൽ അനുഗൃഹീതനത്രേ. ബീഡി തെറുക്കുന്നവനെയും ഇസ്തിരിയിടുന്നവനെയും ഇറച്ചിവെട്ടുന്നവനെയും, തെണ്ടുന്നവനെയും വോട്ട് ചോദിക്കുന്നവനെയും മറ്റും ഭാവനാത്മകമായി അവതരിപ്പിച്ചതിനുശേഷം കവി ഹൃദയം ദ്രവിപ്പിക്കുമാറ് ചോദിക്കുന്നു:

> അകലെയുറങ്ങുന്നൊരെൻ
> ഗ്രാമഭൂമിയിൽ
> ഒരു കൊച്ചു കല്ലറ
> അതിലന്തിവേളയിൽ
> ഒരു തിരി കത്തിച്ചു
> തിരിപോലെയെരിയുന്ന
> വിധവയെക്കണ്ടു ഞാൻ
> അടിയിലുറങ്ങും സുഹൃത്തേ
> സുഹൃത്തേ, സുഹൃത്തേ
> സുഖമോ സുഹൃത്തേ നിനക്ക്?

ലളിതവും ഋജുവുമായ മനസ്സാണ് കിളിമാനൂർ രമാകാന്തനുള്ളത്. ആ മനസ്സുകൊണ്ട് അദ്ദേഹം ജീവിതത്തിന്റെ ഉജ്ജ്വലങ്ങളായ നിമിഷങ്ങളെ കാണുന്നു. നമുക്കു വേണ്ടി അവയെ ചിത്രീകരിക്കുന്നു. ജന്മനാ കവിയായ ഇദ്ദേഹത്തിന് അർഹിക്കുന്നിടത്തോളം പ്രശസ്തി ഇല്ല. കാരണം സ്പഷ്ടം. ഒരു പാർട്ടിയും അദ്ദേഹത്തെ പിന്താങ്ങുന്നില്ല. കവേ, താങ്കൾക്ക് അതിൽ വൈഷമ്യമരുത്. സഹൃദയർ താങ്കളെ മാനിക്കുന്നുണ്ട്.

ജന്മാന്തരങ്ങൾ

തിരുവനന്തപുരത്തെ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഞാൻ പോകാറില്ല. ചിലപ്പോൾ ആ ഓഫീസിന്റെ മുൻവശത്തുകൂടെ നടന്ന് വലിയ ഗേറ്റിലൂടെ റോഡിലേക്ക് ഇറങ്ങാറുണ്ട്. ഒരു ദിവസം അങ്ങനെ പോയപ്പോൾ ഗേറ്റ് വലിച്ചടയ്ക്കാൻ തയ്യാറായി ഒരാൾ നില്ക്കുന്നതു കണ്ടു. എന്റെ മന്ദഗതി കണ്ടിട്ടാവാം അയാൾ പറഞ്ഞു: "ഇറങ്ങുന്നെങ്കിൽ വേഗം ഇറങ്ങണം. ഇല്ലെങ്കിൽ ഞാൻ ഗേറ്റ് പൂട്ടും". ഞാൻ പേടിച്ചു വേഗം നടന്നു റോഡിൽ ചെന്നു. ബസ്സ്സ്റ്റോപ്പിൽ ചെന്നുനിന്നു. ബസ്സ് എത്തി. സ്ത്രീകൾ കയറട്ടെ എന്നു വിചാരിച്ച് അല്പംമാറി നിന്നു. കണ്ടക്ടർ ശാസിച്ചു. "കേറുന്നെങ്കിൽ വേഗം കേറണം". കേറി. ആയുർവേദ കോളേജ്. സ്റ്റോപ്പിൽ ഇറങ്ങണം. വഴി മുടക്കി നില്ക്കുന്നവരെ തള്ളിമാറ്റി വാതില്ക്കൽ എത്തുന്നതിനു മുൻപ് കണ്ടക്ടർ ശാസിച്ചു: "ഇറങ്ങുന്നെങ്കിൽ വേഗമിറങ്ങണം". ഗേറ്റടയുന്നതിന്റെ കർക്കശശബ്ദം, ശാസിക്കലിന്റെ പരുക്കൻ നാദം. ഓരോ ശബ്ദവും എന്നെ വേറൊരുജീവിതത്തിലേക്കു തള്ളിവിടുകയാണ്. ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ച് പുതിയ വസ്ത്രങ്ങൾ തേടുന്നതുപോലെ ദേഹങ്ങൾ ത്യജിച്ചു ത്യജിച്ച് ആത്മാവ് പുതിയ പുതിയ ശരീരങ്ങളിൽ പ്രവേശിക്കുകയാണോ?

> നിശ്ശബ്ദതീരത്തു
> നെഞ്ചത്തൊരമ്പേറ്റ പാട്ടുമാ
> യേതോ വിജനമാം
> സ്വപ്നത്തുരുത്തിൽ നി
> ന്നെത്തുന്ന പക്ഷി ഞാൻ

എന്ന് എസ്. സലിംകുമാർ പാടാൻ തുടങ്ങുമ്പോൾ (എക്സ്പ്രസ് വാരിക—'ജന്മാന്തരം' എന്ന കാവ്യം) ഞാൻ ഈ ജീവിതത്തിൽത്തന്നെയുള്ള ശോകാകുലങ്ങളായ മറ്റനേകം ജീവിതങ്ങളെ ഓർമ്മിക്കുന്നു.

വിഷ്ണുനാരായണന്റെ വൈഖരി



വിഷ്ണുനാരായണൻ നമ്പൂതിരി

'ജീവിതം ധന്യമായിയെന്നു തോന്നുന്ന നിമിഷങ്ങളുണ്ട്' എന്നെഴുതിക്കൊണ്ടാണ് ഈ ലേഖനം ആരംഭിച്ചത്. കൈയെഴുത്തു പ്രതിയുടെ ഈ ഇരുപതാമത്തെ പുറത്തെത്തുമ്പോൾ മറ്റൊരു ധന്യനിമിഷം സമാഗതമാകുന്നു. ഇപ്പോൾക്കിട്ടിയ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'വള്ളത്തോളിന്റെ ചെവി' എന്ന അതിസുന്ദരമായ കാവ്യം. അതു വായിച്ചുകഴിഞ്ഞപ്പോഴാണ് നേരത്തെ പറഞ്ഞ ധന്യനിമിഷത്തിന്റെ ആഗമനം. കേട്ടാലും, ആഹ്ലാദിച്ചാലും.

> "ചരാചരങ്ങളെത്തൊട്ടു
> തലോടിയും ഉണർത്തിയും
> വാഴ്ത്തിയുംകൽ മുഴങ്ങുന്നു
> വള്ളത്തോളിന്റെ വൈഖരി
> വോൾഗയും യാന്ത്സിയും തന്നിൽ
> മുഴുകിച്ചു പരക്കയാം
> ശാന്തിമന്ത്രമുതിർക്കുന്ന
> വള്ളത്തോളിന്റെ ജാഹ്നവി
> അതുകണ്ടമ്പരക്കുന്നു
> വിരിയും കൺകളീവിധം
> ഒന്നും കേൾക്കാത്ത വള്ളത്തോൾ
> എല്ലാം കേൾക്കുന്ന വിസ്മയം".

കുട്ടിക്കാലത്ത് ഞാൻ പുൽത്തണ്ടിലൂടെ സോപ്പ് കുമിളകൾ പറത്തി വിടുമായിരുന്നു. ഏഴു നിറങ്ങളാർന്ന ആ കുമിളകൾ ഉയർന്നുയർന്നുപോകും. വാരിദ ശകലങ്ങളിൽ അവ ചെന്നു ചേർന്നിരിക്കണം. അല്ലെങ്കിൽ അവയിലൊക്കെ സപ്തവർണ്ണങ്ങൾ വന്നതെങ്ങനെ? കവിതയുടെ ഏഴു നിറങ്ങൾ വാക്കുകൾകൊണ്ട് ഉളവാക്കുന്ന കവി വിഷ്ണുനാരായണൻ നമ്പൂതിരി.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.